സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, പി.ബി നമ്പർ: 833, ഹിറാ സെന്റർ, കോഴിക്കോട്.
ഫോൺ: 0495 – 2721695, 2721215. www.solidarityym.org, solidarityym@gmail.com

സംഭാവന വില: 2 രൂപ

ചില്ലറ വ്യാപാര മേഖലയിലെ
കുത്തകാധിനിവേശത്തെക്കുറിച്ച്




# ഈ കൊലക്കയർ ആർക്കുവേണ്ടി ?

**സോളിഡാരിറ്റി**
യൂത്ത് മൂവ്മെന്റ്



# ചില്ലറ വ്യാപാര മേഖലയിലെ കുത്തകാധിനിവേശത്തെക്കുറിച്ച്

ചില്ലറ വ്യാപാര മേഖലയിലെ കുത്തകവൽക്കരണം നമ്മുടെ രാജ്യത്തെ ജനജീവിതത്തിന് മുന്നിൽ കടുത്ത ഭീഷണിയായി ഉയർന്നു വന്നിരിക്കുന്ന സന്ദർഭമാണിത്. ഗ്രാമങ്ങളിൽ പോലും കൂറ്റൻ ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിച്ച് ചില്ലറ വ്യാപാരത്തിന്റെ മൊത്തക്കുത്തക ഏറ്റെടുത്തുകൊണ്ടിരിക്കുന്ന വ്യവസായ ഭീമൻമാർ നമുടക്കു മുമ്പിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി ചില്ലറയല്ല. രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ സുരക്ഷയെ വെല്ലുവിളിച്ചുകൊണ്ടാണ് കുത്തക ഭീകരത നമ്മുടെ നാട്ടിലേക്ക് കടന്നുവരുന്നത്. എല്ലാം നക്കിത്തുടക്കാനുള്ള ആർത്തിയുമായി പാഞ്ഞടുക്കുന്ന കോർപ്പറേറ്റ് രാക്ഷസൻമാരെ ചെറുത്ത് തോൽപ്പിക്കാതെ വിഭവങ്ങൾക്കും വിതരണത്തിനും മേലുള്ള നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനാവില്ലെന്ന് വന്നിരിക്കുന്നു. കുത്തകകളുടെ കടന്നുവരവ് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച വിശകലനങ്ങളാണ് ചുവടെ.

### നമ്മുടെ രാജ്യത്തെ ചില്ലറ വ്യാപാര മേഖലയുടെ സവിശേഷതകൾ എന്തൊക്കെയാണ്?

ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ലോകത്ത് ഏറ്റവുമേറെ ചില്ലറ വ്യാപാരസ്ഥാപനങ്ങളുള്ള രാജ്യമാണ് ഇന്ത്യ. ഓരോ ആയിരം പേർക്കും 11 കടകൾ (2001 ലെ കണക്ക്). കാർഷിക മേഖലകഴിഞ്ഞാൽ ഏറ്റവുമധികമാളുകൾ തൊഴിൽ ചെയ്യുന്നത് ചില്ലറ വ്യാപാര മേഖലയിലാണ്. 120 ലക്ഷം സ്ഥാപനങ്ങളിലായി ഏകദേശം നാലുകോടി ആളുകൾ പണിയെടുക്കുന്നുണ്ടെന്നാണ് കണക്ക്. ഇവരുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്ന 20 കോടി ആളുകൾ വേറെയുമുണ്ട്.14.45 ലക്ഷം കോടി വാർഷിക വിറ്റുവരവുള്ള ചില്ലറ വ്യാപാര കമ്പോളത്തിൽ നിന്നാണ് രാജ്യത്തിന്റെ

മൊത്തവരുമാനത്തിന്റെ 13.5% വരുന്നത്. 8.5%മാണ് മേഖലയുടെ വാർഷിക വളർച്ചാ നിരക്ക്. ഇതര രാജ്യങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇന്ത്യയിലെ ചില്ലറക്കച്ചവടത്തിന്റെ 98%വും വികേന്ദ്രീകൃതരൂപത്തിൽ പലരുടെയും ഉടമ സ്ഥതയിൽ പ്രവർത്തിക്കുന്നവയാണ്. ബാക്കി 2% മാത്രമാണ് കേന്ദ്രീകൃത മായ രീതിയിൽ ചെയിൻ സ്റ്റോറുകൾ വഴി പ്രവർത്തിക്കുന്നത്. ഉൽപാദകനും ഉപഭോക്താവിനുമിടയിൽ ഒട്ടേറെ തട്ടുകളായി ചെറിയ ലാഭമെടുത്ത് കൊണ്ട് നിരവധി റീട്ടെയിൽ വ്യാപാരികൾ ജീവിതം മുന്നോട്ടു കൊണ്ടുപോവുന്നു ണ്ട്. ആർക്ക് എപ്പോൾ വേണമെങ്കിലും സ്ഥാപനം തുടങ്ങുകയും പൂട്ടിപ്പോ വുകയും ചെയ്യാവുന്ന രീതിയിൽ ലളിതമാണ് ഇന്ത്യൻ മാർക്കറ്റ്. കച്ചവടം നടത്തുന്നവരിൽ കേവലം 4% ആളുകൾ മാത്രമാണ് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബാക്കി വൻഭൂരിപക്ഷം ജീവിത ത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സാഹസപ്പെട്ടുകൊണ്ടിരിക്കുന്നവരാണ്.

### ഇന്ത്യൻ മാർക്കറ്റിൽ കുത്തകകൾക്ക് പ്രത്യേക താൽപര്യങ്ങൾ ഉണ്ടോ?

നൂറ് കോടി ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഇന്ത്യാരാജ്യത്തെ ഒരു വമ്പിച്ച വിപണന സാധ്യതയായിട്ടാണ് കുത്തകകൾ വിലയിരുത്തുന്നത്. ചില്ലറവ്യാ പാരത്തിന്റെ 60 ശതമാനവും നിലനിൽപുമായി ബന്ധപ്പെട്ട ഭക്ഷ്യവസ്തു ക്കളാണെന്നിരിക്കെ മാർക്കറ്റ് തകരുന്ന പ്രശ്നമില്ല. വമ്പിച്ച വിറ്റുവരവും വികാസ സാധ്യതയുള്ള ഇന്ത്യൻ റീട്ടെയിൽ മേഖലയെ വൻ നിക്ഷേപമി റക്കി ആധുനികവൽക്കരിച്ച് ലാഭം കൊയ്യാമെന്ന കണക്കുകൂട്ടലിലാണ് കുത്തക ഭീമൻമാർ. ഇതിന്റെ ഭാഗമായാണ് വാൾമാർട്ട് (യു.എസ്.എ), കെയർ ഫോർ (ഫ്രാൻസ്), ടെസ്കോ (ബ്രിട്ടൻ), മെട്രോ (ജർമ്മനി) തുടങ്ങിയ അന്താ രാഷ്ട്ര കുത്തകകൾ ഇന്ത്യയിലേക്ക് പ്രവേശനം ഉറപ്പുവരുത്തുന്നത്. സ്വദേ ശികുത്തകയായ റിലയൻസ് ഒരു പടി മുന്നിൽ ഇന്ത്യയിലെ 80ലേറെ നഗര ങ്ങളിൽ സ്റ്റോറുകൾ തുടങ്ങിക്കഴിഞ്ഞു. റിലയൻസ് ഫ്രഷ്, റിയലൻസ് സ്റ്റോർ, റിലയൻസ് ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ പേരുകളിൽ 25000 കോടിയുടെ മുതൽ മുടക്കാണ് അംബാനി പ്ലാൻ ചെയ്തിരിക്കുന്നത്. അടുത്ത വർഷ ത്തോടെ കേരളമടക്കമുള്ള സ്ഥലങ്ങളിലെ പ്രധാന നഗരങ്ങളിൽ 75000 ചതു രശ്ര അടി വിസ്തീർണ്ണമുള്ള ഒട്ടേറെ ഷോറൂമുകൾ തുടങ്ങാൻ റിലയൻസിന് പദ്ധതിയുണ്ട്. തുടക്കത്തിൽ 200 മെഗാസ്റ്റോറുകളും 500 സൂപ്പർമാർക്കറ്റു കളുമാണ് ആഗോള കുത്തകഭീമൻ വാൾമാർട്ട് തുടങ്ങുക. 2007 ആഗസ്റ്റ് 15ന് ഇന്ത്യയിൽ ആദ്യഷോറൂം തുടങ്ങുമെന്നവർ പ്രഖ്യാപിച്ചിട്ടുണ്ട്. നേരി ട്ടുള്ള വിപണനത്തിന് നിയമ തടസ്സമുള്ളതുകൊണ്ട് ടെലികോം ഭീമനായ ഭാരതി എന്റർപ്രൈസസ്സുമായി (എയർടെൽ) ചേർന്നുകൊണ്ടുള്ള പിൻവാതിൽ പ്രവേശനമാണ് വാൾമാർട്ട് നടത്തുക. 2015 ഓടെ 10000 കോടി മുതൽ മുടക്കാനാ ണത്രെ തീരുമാനം. പദ്ധതി പൂർത്തിയാകുന്നതോടെ ആകെ ഒരു കോടി ചതുരശ്ര അടി വിസ്തൃതിയാണ് ഭാരതി-വാൾമാർട്ട് സ്റ്റോറുകൾക്കുണ്ടാവുക.



ഇന്ത്യയിലെ റീട്ടെയിൽ പ്രമുഖരായ ഫ്യൂച്ചേഴ്സ് ഗ്രൂപ്പിന്റെ പാന്റലൂൺ ഈ വർഷം 1000 കോടി കൂടി മുടക്കിക്കൊണ്ടാണ് രംഗം കൊഴുപ്പിക്കുന്നത്. അവർക്ക് 140 വൻ സ്റ്റോറുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. 4000 സ്റ്റോറുക ളാണ് അവരുടെ ലക്ഷ്യം. പാലക്കാട്ട് തുടങ്ങിയ വിപണന കേന്ദ്രത്തിന് പുറമെ കേരളത്തിൽ തന്നെ പത്തിലേറെ ബിഗ് ബസാറുകൾ തുടങ്ങാനുള്ള ശ്രമത്തിലാണ് പാന്റലൂൺ. ബിർളാഗ്രൂപ്പും കോടികൾ മുതൽമുടക്കുള്ള 'ഫാബ്മാളുകളുമായി' രംഗത്തുണ്ട്. കേരളത്തിൽ 25 ഹൈപ്പർമാർക്കറ്റുക ളാണ് ബിർള ലക്ഷ്യംവെക്കുന്നത്. ഒരു ലക്ഷം ചതുരശ്ര അടിയാണ് ഒന്നിന്റെ ശരാശരി വലുപ്പം. 400 കോടി മുടക്കിൽ ആസ്ത്രേലിയൻ കുത്തകയായ വുൾവർത്തുമായി ചേർന്നാണ് ടാറ്റയുടെ രംഗപ്രവേശം. ഇവർക്ക് പുറമെ രഹേജ ഗ്രൂപ്പ്, ഫുഡ്‌വേൾഡ് തുടങ്ങി 40തോളം സ്വദേശി-വിദേശി കുത്തക കൾ റീട്ടെയിൽ യുദ്ധഗോദയിൽ വിജയപ്രതീക്ഷയുമായി രംഗത്തുണ്ട്. നമ്മുടെ നാട്ടിൽ അരിയും പഞ്ചസാരയും വിൽക്കുന്ന പലചരക്കുകടക്കാ രന്റെയും പച്ചക്കറി സ്റ്റാളുകാരന്റെയും ചില്ലറത്തുട്ടുകളിലേക്ക് തന്നെയാണ് കുത്തകകൾ ഉറ്റുനോക്കുന്നത്.

### കുത്തകവൽക്കരണവുമായി ബന്ധപ്പെട്ട് വാൾമാർട്ടിന്റെ പേര് പ്രത്യേക മായി പറയപ്പെടാൻ കാരണമെന്താണ്?

വാൾമാർട്ട് ലോകത്തിലെ ഏറ്റവും വലിയ കുത്തകക്കമ്പനിയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 16,56,000 കോടി രൂപ വാർഷിക വരുമാനമുണ്ടാ ക്കിയ വാൾമാർട്ടിന് കൊക്കക്കോള കമ്പനിയുടെ ഏകദേശം 14 ഇരട്ടി വലു പ്പമുണ്ട്. 1962ൽ അമേരിക്കയിലെ അർക്കൻസാസിൽ ഒരു പലചരക്ക് കട യായി ആരംഭിച്ച വാൾമാർട്ട് ഇന്ന് ലോകത്തുടനീളമുള്ള 6000ത്തോളം മെഗാസ്റ്റോറുകളിലൂടെ ഉപ്പ് മുതൽ കർപ്പൂരം വരെയും കളിക്കോപ്പുകൾ മുതൽ കമ്പ്യൂട്ടർ വരെയും സകല സാധനങ്ങളുടെയും ചില്ലറ വിപണന മാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മലേഷ്യ, സഊദി അറേബ്യ, യു.എ.ഇ തുടങ്ങിയ സമ്പന്ന രാജ്യങ്ങളേക്കാൾ വാർഷിക വരുമാനമുള്ള ഈ വൻകു ത്തക ഇന്ത്യാരാജ്യത്തെ ചില്ലറക്കച്ചവട മേഖല പിടിച്ചെടുക്കാനെത്തുന്നു വെന്നത് തീർച്ചയായും ഭീതിജനകമാണ്. വാൾമാർട്ട് അമേരിക്കൻ വ്യാപാര നയ രൂപീകരണത്തിനുള്ള മുഖ്യ ഉപദേഷ്ടാവ് കൂടിയാണെന്നറിയുമ്പോൾ അവരുടെ സാമ്രാജ്യത്വ സ്വാധീനത്തിന്റെ ആഴം വ്യക്തമാകും. വാൾമാർട്ട് ഒരു രാജ്യമായിരുന്നെങ്കിൽ വരുമാനത്തിന്റെ കാര്യത്തിൽ ലോകത്ത് 23-ാം സ്ഥാന മാണവർക്കുണ്ടാവുക. വാൾമാർട്ട് പ്രവേശിച്ച സ്ഥലങ്ങളിലൊക്കെ തദ്ദേശീയ ജനതക്ക് വമ്പിച്ച കഷ്ടനഷ്ടങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. 1997ൽ ലോവ സ്റ്റേറ്റ് യൂണിവേഴ്സിറ്റി നടത്തിയ ഒരു പഠനത്തിൽ വാൾമാർട്ട് കടന്ന് ചെന്ന് 10 വർഷങ്ങൾക്കുള്ളിൽ ആ പ്രദേശത്തെ ചില്ലറവ്യാപാരം 47 %ത്തോളം കുറഞ്ഞതായി കണ്ടെത്തുകയുണ്ടായി. പൂട്ടിപ്പോയ 7326 സ്ഥാപനങ്ങളിൽ 555 ഉം പലചരക്ക് കടകളായിരുന്നു.

അമേരിക്കയിൽ തന്നെ ഏറ്റവുമേറെ കേസുകൾ നേരിടുന്ന കമ്പനിയാണ് വാൾമാർട്ട്. തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ, ബാലപീഠനം, സ്ത്രീ വിവേചനം, ന്യൂനപക്ഷ വിരോധം, വികലാംഗ വിവേചനം തുടങ്ങിയ ഒട്ടേറെ കേസുകൾക്ക് കമ്പനി വിചാരണ നേരിടുകയാണ്. വാൾമാർട്ട് സ്റ്റോറുകളിലൊരിടത്തും തൊഴിലാളികൾ സംഘടിക്കാൻ അനുവദിക്കാറില്ല. തുടക്കത്തിൽ വിലക്കുറവ് നൽകി ചുറ്റുപാടുമുള്ള കടകൾ നശിപ്പിക്കുകയാണ് വാൾമാർട്ടിന്റെ സ്ഥിരം രീതി. ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ വില കൂട്ടും. അമേരിക്കയിൽ ജനങ്ങളുടെ പക്ഷത്ത് നിന്ന് അതിശക്തമായി എതിർപ്പ് നേരിട്ടുകൊണ്ടിരിക്കുകയാണ് കമ്പനി. ഏറ്റവും വലിയ അമേരിക്കൻ നഗരമായ ന്യൂയോർക്കിൽ എതിർപ്പുമൂലം അവർക്കിതുവരെ ഷോറൂം തുറക്കാൻ സാധിച്ചിട്ടില്ല. ഇതൊക്കെകൊണ്ടാണ് റീട്ടെയിൽ കുത്തക ഭീകരതയുടെ പര്യായമായി വാൾമാർട്ട് മാറിയത്.

### ▶ ചില്ലറ വിപണനത്തിൽ കുത്തകകളുടെ കടന്നുവരവ് ജനങ്ങളെ നേരിട്ട് ബാധിക്കുകയില്ലല്ലോ?

തീർച്ചയായും ബാധിക്കും. ഈ മേഖലയിൽ പണിയെടുക്കുന്ന 4 കോടി ആളുകളെയും അവരുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ചുരുങ്ങിയത് 20 കോടി ജനങ്ങളെയും കുത്തകവൽക്കരണം നേരിട്ട് തന്നെ ബാധിക്കും. കേരളത്തിൽ 10 ലക്ഷം വ്യാപാരികളും അവരെ ആശ്രയിച്ച് കഴിയുന്ന 40 ലക്ഷം മനുഷ്യരും ഇതിന്റെ ഇരകളായിത്തീരും. ഒരു ചാൺ വയറിന് വേണ്ടി പെട്ടിക്കട നടത്തുന്ന പട്ടിണിപ്പാവങ്ങൾ മുതൽ ഇടത്തരം സൂപ്പർമാർക്കറ്റുകാർ വരെ കടയടച്ച് സ്ഥലം കാലിയാക്കേണ്ടി വരും. കുത്തകകൾ സൃഷ്ടിക്കുന്ന പരസ്യ പ്രളയങ്ങളോടും വിലക്കുറവുകളോടും മത്സരിക്കാനാവാതെ ചെറുകിട വ്യാപാരികൾ കർഷകന്റെ പാത പിൻപറ്റി ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന നാളുകളാണ് വരാൻ പോകുന്നത്. കുത്തകവൽക്കരണം നടന്നുകഴിഞ്ഞ തായ്‌ലന്റിലെ അനുഭവം പരിശോധിച്ചാൽ ഈ ഗുരുതരാവസ്ഥ നമുക്ക് കാണാനാവും. ടെസ്കോ, റോയൽ അഹോൾഡ്, കെയർഫോർ തുടങ്ങിയ കുത്തകകൾ പിടിമുറുക്കി വർഷങ്ങൾക്കുള്ളിൽ 60,000 ത്തോളം കടകളാണ് അവിടെ പൂട്ടേണ്ടിവന്നത്. ഇന്ത്യയിലെ സ്ഥിതി നോക്കൂ. കുത്തക വൽക്കരണം നടന്ന് രണ്ട് മാസത്തിനകം തന്നെ 2000 വ്യാപാരികളും 10,000 തൊഴിലാളികളുമുള്ള ചെന്നൈയിലെ കൊലമ്പേട് മാർക്കറ്റിൽ വ്യാപാരം 40 ശതമാനത്തോളം കുറഞ്ഞിരിക്കുന്നു. ദൽഹിയിലും ബാംഗ്ലൂരിലും സ്ഥിതി വ്യത്യസ്ഥമല്ല. തകർന്ന് തരിപ്പണമായ കാർഷിക മേഖല ഉപേക്ഷിച്ചവരും സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കാത്തവരുമൊക്കെയായ മനുഷ്യരാണ് അവസാന അഭയമെന്ന നിലയിൽ ചില്ലറ വ്യാപാരം ചെയ്യുന്നവരിൽ 80%വും. കിടപ്പാടം വിറ്റും കെട്ടുതാലി പണയം വെച്ചുമൊക്കെ തട്ടിപ്പടച്ചെടുത്ത ഉപജീവനത്തിന്റെ അവസാന സാധ്യതയാണ് ഈ മനുഷ്യർക്ക് മുമ്പിൽ കൊട്ടിയടക്കപ്പെടുന്നതെന്ന് നാം ഓർക്കണം.



### ▶ ചില്ലറ വ്യാപാരമേഖലയിലെ വൻകിട നിക്ഷേപങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയില്ലേ?

ഇത്തരം അവകാശവാദങ്ങൾ കുത്തകവൽക്കരണത്തെ പിന്തുണക്കുന്നവർ സ്ഥിരമായി ഉന്നയിക്കാറുണ്ട്. സത്യത്തിൽ ഭീകരമായ തൊഴിൽ നഷ്ടമാണ് ഇതുമൂലം രാജ്യത്തുണ്ടാവുക. സെന്റർ ഫോർ പോളിസി സ്റ്റഡീസ് പ്രസിദ്ധീകരിച്ച (ഫെബ്രു: 2007) ഒരു കണക്ക് നോക്കൂ. 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഇന്ത്യയിലെ 35 നഗരങ്ങളിൽ വാൾമാർട്ട് സ്റ്റോറുകൾ തുറക്കുകയാണെന്ന് വെക്കുക. (ഇപ്പോഴത്തെ നിലവാരമനുസരിച്ച് 85,000 ചതുരശ്രഅടിയുള്ള ഒരു സ്റ്റോറിൽ 292 ജോലിക്കാർ എന്നതാണ് കണക്ക്) 8,030 കോടി വിറ്റുവരവിൽ 10,195 പേർക്കിവിടങ്ങളിൽ തൊഴിൽ ലഭിക്കും. പരമ്പരാഗതമായി ചില്ലറമേഖലയിലുള്ള 4,32,000 പേർക്ക് തൊഴിൽ നഷ്ടമാവുകയും ചെയ്യും! ഇന്ത്യയിലെ മൊത്തം ചില്ലറ വ്യാപാരത്തിന്റെ 20% കുത്തകകൾ കയ്യടക്കുകയാണെന്നിരിക്കട്ടെ. 1,47,000 കോടി വിറ്റുവരവിൽ 1,80,000 പേർക്ക് തൊഴിൽ ലഭ്യമാവും. ഇതിലൂടെ തൊഴിൽ നഷ്ടപ്പെടുന്നതാവട്ടെ 80 ലക്ഷം പേർക്കും! തൊഴിൽ ലഭ്യതയെക്കുറിച്ച അവകാശവാദങ്ങളുടെ പൊള്ളത്തരം ഇതിൽ നിന്ന് വ്യക്തമാണ്. കുത്തകകളുടെ കടന്നുവരവ് കൊണ്ട് രാജ്യത്തിന് നികുതിയുൾപ്പെടെ വമ്പിച്ച വരുമാന നഷ്ടവും തൊഴിൽ നഷ്ടവുമാണുണ്ടാവുക.

### ▶ വൻകിട കമ്പനികൾ നൽകുന്ന വിലക്കുറവ് ഉപഭോക്താവിന് ആശ്വാസം തന്നെയല്ലേ?

വിലക്കുറവ് നൽകുന്നു എന്നത് ശരിയാണ്. പക്ഷെ അവർ വിലക്കുറവ് നൽകുന്ന് വില നിർണയിക്കുവാനുള്ള അധികാരം കൈക്കലാക്കുവാനാണെന്നത് നാം മറക്കരുത്. നഷ്ടം സഹിച്ചും വിലക്കുറവ് നൽകി രംഗത്ത് നിന്ന് സാധാരണ കച്ചവടക്കാരെ തുരത്തിയോടിക്കുകയാണവരുടെ ലക്ഷ്യം. ഇങ്ങിനെ മറ്റുള്ളവർ പിടിച്ചു നിൽക്കാനാവാതെ രംഗം വിട്ടാൽ പിന്നീട് കുത്തകകൾ തീരുമാനിക്കുന്ന വിലക്ക് സാധനം വിൽക്കാൻ പറ്റുമെന്നതാണ് വസ്തുത. സർക്കാർ നിയന്ത്രണത്തിലുള്ള പൊതുവിതരണ സംരഭങ്ങളെപ്പോലും തകർക്കാൻ വിലക്കുറവ് തന്ത്രത്തിലൂടെ ഇവർക്ക് സാധിക്കും. അത് കൊണ്ടാണ് അമേരിക്കയിലിറങ്ങിയ വാൾമാർട്ട് വിരുദ്ധ സിനിമയുടെ പേര് 'The high cost of low price' എന്നായത്. യഥാർത്ഥത്തിൽ തന്നെ വിലക്കുറവ് അനുഭവിക്കാൻ സാധിക്കുന്നുണ്ടെങ്കിൽഎന്തിനാണ് ലോകത്തുടനീളം കുത്തകകൾ ഇത്ര ശക്തമായ എതിർപ്പുകൾ നേരിടുന്നത്? കുത്തകകൾ നൽകുന്ന ലാഭത്തിന്റെ മറുവില ഒട്ടേറെ ജീവിതങ്ങളാണെന്നും നാം മറക്കരുത്.

### ▶ രാജ്യത്ത് ഈയിടെയുണ്ടായ വിലക്കയറ്റം സൃഷ്ടിച്ചത് ചില്ലറ വ്യാപാര കുത്തകകളാണെന്ന് ആരോപണമുയർന്നിരുന്നല്ലോ?

ഭരണകക്ഷിയായ കോൺഗ്രസിന് രണ്ട് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വമ്പിച്ച തിരിച്ചടി നേരിടുവാൻ കാരണമായ രീതിയിലാണ് രാജ്യത്ത് വില

ക്കയറ്റമുണ്ടായത്. തങ്ങളുടെ ചില്ലറ വിപണനത്തിന്റെ മുന്നോടിയായി കുത്തകകൾ നടത്തിയ ഉൽപന്ന ശേഖരണമായിരുന്നു വിലക്കയറ്റത്തിന്റെ മുഖ്യകാരണം. രാജ്യത്തുടനീളമുള്ള കർഷകരിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ തുടങ്ങിയവ സ്വന്തമാക്കി തങ്ങളുടെ ശീതീകരിച്ച സംഭരണികളിൽ സ്റ്റോർ ചെയ്യുകയാണ് കുത്തകകൾ ചെയ്യുന്നത്. റിയലൻസ് വയനാട്ടിൽ നിന്നുപോലും ഒട്ടേറെ ഉൽപ്പന്നങ്ങൾ സ്വന്തമാക്കുകയുണ്ടായി. ഇത് പൊതുമാർക്കറ്റിലുള്ള അവശ്യസാധന ലഭ്യതയെ ഗുരുതരമായി ബാധിച്ചു. എഫ്. സി. ഐ ഗോഡൗണുകൾ നിർത്തലാക്കാനുള്ള സർക്കാർ തീരുമാനവും സ്വകാര്യമേഖലയെ കാര്യമായി സഹായിച്ചു. കോണ്ടിനന്റൽ, റിലയൻസ്, ഐ.ടി.സി തുടങ്ങിയ സ്വദേശി ഭീമൻമാരും കാർഗിൽ, പെപ്സി, വീറ്റ്ബോർഡ് തുടങ്ങിയ വിദേശ ഭീമൻമാരും ഈ സംഭരണ രംഗത്ത് സജീവമാണ്. സർക്കാർ അവശ്യസാധന നിയമത്തിൽ ഭേദഗതി വരുത്തിയതും 90 ഓളം അവശ്യസാധനങ്ങളുടെ അവധിവ്യാപാരത്തിന് അനുമതി നൽകിയതും പൂഴ്ത്തിവെപ്പിന് മറ്റൊരു കാരണമായി. 1980 ലെ കരിഞ്ചന്ത നിയമം എൻ.ഡി.എ സർക്കാർ മരവിപ്പിച്ചത് കുത്തകകൾക്ക് അനുഗ്രഹമായി മാറുകയുണ്ടായി. ഇപ്പോൾ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ ഇന്ത്യയിലെ 15 ഓളം പ്രധാന നഗരങ്ങളിലുള്ള സംഭരണ കേന്ദ്രങ്ങളിൽ 20 ലക്ഷം ചതുരശ്ര അടി റിലയൻസിന് വിട്ടുകൊടുക്കാൻ തീരുമാനമായിരിക്കുന്നു. ജനങ്ങൾക്ക് വിഭവങ്ങളുടെ മേലുള്ള അധികാരം നഷ്ടപ്പെടുകയും ഭക്ഷ്യധാന്യങ്ങളടക്കമുള്ള അവശ്യവസ്തുക്കൾ ഏതാനും കുത്തകകളുടെ കൈകളിലേക്ക് നീങ്ങുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്. ഇത് കുത്തകകളുടെ സംഭരണശേഷിയിൽ വൻതോതിലുള്ള വർദ്ധനവുണ്ടാക്കും. ഭാവിയിൽ രൂക്ഷമായ ക്ഷാമവും വിലക്കയറ്റമുണ്ടാകാനുള്ള സാധ്യതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

### ▶ ചില്ലറ വ്യാപാരത്തിലേക്കുള്ള കുത്തകകളുടെ വരവ് കാർഷിക മേഖലയെ എങ്ങിനെയാണ് സ്വാധീനിക്കുക?

വിലത്തകർച്ചയും ഉൽപാദന നഷ്ടവും കാരണം നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന കാർഷിക മേഖലയിൽ നേരിയ ഉണർവ്വ് സൃഷ്ടിക്കാൻ കുത്തകകളുടെ ഉൽപന്ന സംഭരണത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് ശരിയാണ്. പക്ഷെ ഇത് താൽക്കാലികവും ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്നതുമാണെന്ന് കാണാം. ഈ നില തുടർന്നാൽ പരമ്പരാഗത വിപണന സമ്പ്രദായങ്ങൾ അടയുകയും ഉൽപന്നങ്ങൾ സ്വീകരിക്കാൻ കുത്തകകൾ മാത്രം കർഷകന് മുന്നിൽ അവശേഷിക്കുകും ചെയ്യും. പിന്നീട് അവർ നിശ്ചയിക്കുന്ന വിലക്ക് ഉൽപന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാവും. കർഷകരകപ്പെടുന്ന മറ്റൊരു കെണിയാണ് കരാർ കൃഷി. മാർക്കറ്റിലെ ആവശ്യമനുസരിച്ച് കമ്പനി ആവശ്യപ്പെടുന്ന ഉൽപ്പന്നം കൃഷിചെയ്തുണ്ടാക്കി കൊടുക്കാൻ നിശ്ചിത കാലത്തേക്ക് കരാറുണ്ടാക്കുന്ന രീതിയാണിത്. ഈ രീതിയിൽ കർക്കശമായ ഉൽപന്ന മാനദണ്ഡങ്ങൾ പാലിക്കാൻ കർഷകൻ ബാധ്യ



സ്ഥനായിരിക്കും. കമ്പനി നിർദ്ദേശിക്കുന്ന കടുത്ത രാസവളപ്രയോഗങ്ങളും കൃഷിരീതികളും സ്വീകരിക്കേണ്ട ബാധ്യത കർഷകനിൽ വന്ന് ചേരും. ഇത് അന്തിമമായി കൃഷിഭൂമിയെ നാശയോഗ്യമാക്കും. സ്വന്തമായ കാർഷിക സാധ്യതകൾ അവസാനിക്കുകയും ചെയ്യും. ഇതിലൂടെ അന്തിമമായി കർഷകൻ കൃഷിയിടങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്ന അവസ്ഥയാണുണ്ടാവുക. വെസ്റ്റ് ബംഗാൾ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഹെക്ടർ കണക്കിന് ഭൂമി കുത്തകകൾ ഇപ്പോൾ തന്നെ സ്വന്തമാക്കിക്കഴിഞ്ഞു.

### ▶ കുത്തകകളുടെ കടന്നുവരവ് സാംസ്കാരികമായ പ്രശ്നങ്ങളുണ്ടാക്കുമെന്ന് പറയപ്പെടുന്നുണ്ടല്ലോ?

തീർച്ചയായും. സർവ്വ സൗകര്യങ്ങളുമുള്ള ഉല്ലാസ ജീവിതകേന്ദ്രങ്ങളായിട്ടാണ് ഷോപ്പിംഗ് മാളുകൾ ഡിസൈൻ ചെയ്യപ്പെടുന്നത്. ഐസ്ക്രീം പാർലർ, റെസ്റ്റോറന്റ് തുടങ്ങി സ്വിമ്മിംഗ് പൂളുകളടക്കമുള്ള സജ്ജീകരണങ്ങൾ വ്യാപാരകേന്ദ്രങ്ങളിൽ തന്നെ തയ്യാറാക്കിക്കൊണ്ട് ഷോപ്പിംഗിനെ ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റുകയാണ് ഇത്തരം സ്ഥാപനങ്ങൾ ചെയ്യുന്നത്. പരസ്യപ്രളയങ്ങളിലൂടെയും ആകർഷണീയമായ ഡിസ്പ്ലേ ടെക്നിക്കുകളിലൂടെയും ജനങ്ങളുടെ ഉപഭോഗത്വരയെ ഉത്തേജിപ്പിച്ച് ലാഭം കൊയ്യാനാവും ഇവർ ശ്രമിക്കുക. മധ്യവർഗത്തിനിടയിൽ സൃഷ്ടിക്കപ്പെടുന്ന ഒരു തരം ഷോപ്പിംഗ് ഉൻമാദമായിരിക്കും ഇതിന്റെ അനന്തരഫലം. ചെറുകിട വ്യാപാരികൾ നിറവേറ്റിക്കൊണ്ടിരിക്കുന്ന സാമൂഹിക ദൗത്യം ഇനിയും വേണ്ടത്ര ചർച്ചചെയ്യപ്പെട്ടിട്ടില്ല. വിശിഷ്യാ നാട്ടിൻപുറങ്ങളിലെ വ്യാപാരികൾ പറ്റുബുക്കുകളിലൂടെയും ഇടപാടുകളിലൂടെയും നിലനിർത്തുന്ന പരസ്പര വിശ്വാസത്തിന്റെയും സഹവർത്തിത്വത്തിന്റെയും മൂല്യങ്ങൾ കുത്തകകളുടെ വരവോടെ അട്ടിമറിയുമെന്നുറപ്പാണ്. കഴുത്തറുപ്പൻ മൽസരങ്ങളുടെ രംഗവേദിയായി ചില്ലറവ്യാപാരരംഗം മാറുന്നതോടെ പരമ്പരാഗത കച്ചവടങ്ങളോടൊപ്പം ജൈവികമായ ബന്ധങ്ങൾ വിടപറയുകയും ദരിദ്രരുടെ ജീവിതം കൂടുതൽ ദുസ്സഹമായി മാറുകയും ചെയ്യുകയായിരിക്കും ഫലം. വരുമാനവും തൊഴിലും കുറയുകയും ഉപഭോഗതൃഷ്ണ വർദ്ധിക്കുകയും ചെയ്യുന്ന സാമൂഹികാവസ്ഥ നാട്ടിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം ചില്ലറയായിരിക്കില്ല.

### ▶ കുത്തകവൽക്കരണവുമായി ബന്ധപ്പെട്ട സർക്കാർ നിലപാട് എന്താണ്?

കുത്തകകളുടെ കടന്നുകയറ്റവുമായി ബന്ധപ്പെട്ട് തികച്ചും പ്രതിലോമപരമായ നിലപാടാണ് കേന്ദ്രസർക്കാർ കൈകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ അപ്പോസ്തലൻമാരായി അറിയപ്പെടുന്ന മൻമോഹൻസിംഗ്-ചിദംബരം-കമൽനാഥ് ടീമിൽ നിന്ന് ഇതിലപ്പുറം പ്രതീക്ഷിക്കാൻ വയ്യ. 2005 നവംബറിൽ പ്രധാനമന്ത്രി മൻമോഹൻസിംഗും അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷും ചേർന്ന് കാർഷികമേഖലയിലെ നോളജ് ഇനീഷ്യേ

റ്റീവിനുള്ള ഒരു കരാറിൽ ഒപ്പിടുകയുണ്ടായി. ഇതിന്റെ ഭാഗമായി പ്രൊജക്ടുകൾ തയ്യാറാക്കാനുണ്ടാക്കിയ എട്ടംഗ ബോർഡിൽ അംഗങ്ങളാണ് വാൾമാർട്ടും കാർഷിക കുത്തകയായ മോൺസന്റോ സീഡ് കോർപ്പറേഷനും. വാൾമാർട്ട് മേധാവികളുമായി ഇന്ത്യൻ പ്രവേശനത്തെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ മൻമോഹൻസിംഗ് നേരിട്ടാണ് നടത്തിയത്. ധനമന്ത്രി ചിദംബരമാകട്ടെ 2004-05 അർദ്ധ വാർഷിക ബജറ്റ് ചർച്ചയിൽ തന്നെ കുത്തകകളോടുള്ള അനുഭാവം തുറന്ന് വ്യക്തമാക്കിയതാണ്. ജർമ്മൻ റീട്ടെയിൽ കുത്തകയായ മെട്രോ നിയമം ലംഘിച്ച് റീട്ടെയിൽ വ്യാപാരം നടത്തുന്നതിനെതിരെ ചെറുകിട വ്യാപാരികൾ കേസുകൊടുത്തപ്പോൾ മെട്രോക്ക് വേണ്ടി വാദിക്കാൻ കോടതിയിലെത്തിയ ആളാണ് ചിദംബരം. വാണിജ്യമന്ത്രി കമൽനാഥും കുത്തകകൾക്ക് തുറന്ന പിന്തുണയുമായി രംഗത്തുണ്ട്. ഒരു ദശാബ്ദകാലം വേൾഡുബാങ്കിന്റെയും പിന്നീട് ഐ.എം.എഫിന്റെയും വിശ്വസ്തസേവകനും ബുദ്ധികേന്ദ്രവുമായി പ്രവർത്തിച്ച മൊണ്ടേക് സിംഗ് അഹ്ലുവാലിയയാണ് ഇപ്പോൾ ആസൂത്രണ ബോർഡിന്റെ ഉപാദ്ധ്യക്ഷൻ. തൊഴിൽരഹിത വികസനത്തിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് പഠിക്കാൻ 1991 ൽ ആസൂത്രണ ബോർഡ് മൊണ്ടേക്സിംഗിനെ ടാസ്ക് ഫോഴ്സായി നിയമിച്ചിരുന്നു. നഷ്ടപ്പെടുന്ന തൊഴിലവസരങ്ങളെ അദ്ദേഹത്തിന്റെ റിപ്പോർട്ട് പൂർണ്ണമായി അവഗണിച്ചതുകൊണ്ട് റിപ്പോർട്ടിൽ അസംതൃപ്തരായി കമ്മീഷൻ പ്രശ്നം പഠിക്കാൻ പുതിയ ടാസ്ക് ഫോഴ്സിനെ നിയമിക്കുകയായിരുന്നു. അതുകൊണ്ട് തന്നെ മൊണ്ടേക്സിംഗ് കുത്തകവരവിനെക്കുറിച്ചോ തൊഴിൽ നഷ്ടങ്ങളെക്കുറിച്ചോ ഇപ്പോൾ വേവലാതിപ്പെടാൻ സാധ്യതയില്ല. കുത്തകകളെ എങ്ങിനെയും സ്വാഗതം ചെയ്യുക എന്നിടത്താണ് അദ്ദേഹവും.

ഒരു പരിധിവരെ കുത്തകകളെ നിയന്ത്രിക്കുവാൻ പര്യാപ്തമായിരുന്ന എം.ആർ.ടി.പി നിയമം പരിഷ്കരിച്ച് കോംപറ്റീഷ്യൻ ആക്റ്റ് ആക്കിമാറ്റിയത് വഴി സർക്കാർ കുത്തകകൾക്ക് അനുകൂലമായ സാഹചര്യമൊരുക്കുകയായിരുന്നു. ഭക്ഷ്യവസ്തുക്കളടക്കമുള്ളവയുടെ ഭാവിയിലെ വില മുൻകൂട്ടി നിശ്ചയിച്ച് ഊഹക്കച്ചവടം നടത്തുന്നതിന് എൻ.ഡി.എ സർക്കാർ അനുമതി നൽകുകയുണ്ടായി. 1962 ലെ ഫോർവാർഡ് കോൺട്രാക്റ്റ് റെഗുലേഷൻ ആക്റ്റ് എൻ.ഡി.എ ഭരണകാലത്ത് എടുത്തുകളയുകയും ചെയ്തു. തുറന്ന വിപണി സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ നമ്മുടെ സർക്കാറുകൾ കാലാകാലങ്ങലിൽ കൈക്കൊണ്ട ഉദാരീകരണ നയങ്ങളാണ് കാര്യങ്ങളെ ഈ പരുവത്തിലെത്തിച്ചത്. ഇന്ത്യ അംഗമായ ലോക വ്യാപാര സംഘടനയുടെ (W.T.O) ഉറുഗ്വേ വട്ട ചർച്ചയിൽ രൂപപ്പെട്ട ഗാട്ട്സ് (സേവന വ്യാപാര മേഖലയിലെ പൊതു ഉടമ്പടി) കരാർ ചില്ലറ വിപണന മേഖലകളടക്കമുള്ള സേവന മേഖലകളിലെല്ലാം തുറന്ന വിപണി രൂപപ്പെടുത്താനുള്ള ബാധ്യത രാഷ്ട്രത്തിന് സൃഷ്ടിക്കുന്നുണ്ട്. സ്വദേശി-വിദേശി വിവേചനം ഒട്ടുമില്ലാതെ അംഗരാജ്യങ്ങൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കണമെന്ന ഗാട്ട്സിന്റെ മാർഗനിർദ്ദേശം വിവേചനരഹിതമായി ഏറ്റെടുക്കുകയായിരുന്നു ഇന്ത്യൻ ഭരണാധികാരികൾ. ചുരുക്കത്തിൽ ജനങ്ങൾക്കൊപ്പം നിൽക്കേണ്ട ഭരണകൂടം കുത്തകകൾക്കനുകൂലമായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നാണ് വസ്തുത.



സംസ്ഥാന സർക്കാർ കുത്തകവൽക്കരണത്തിന് എതിരാണെന്നും കേകരളത്തിൽ അനുവദിക്കുകയില്ല എന്നും പ്രഖ്യാപിക്കുന്നുണ്ട്. പ്രഖ്യാപനം സ്വാഗതാർഹമാണ്. എന്നാൽ അതു സംബന്ധിച്ച നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്നതും പ്രഖ്യാപിക്കുന്നവരുടെ മൂക്കിനു താഴെ കുത്തകക്കാരുടെ വൻകിട ഷോപ്പിംഗ് മാളുകൾ ഉയർന്നുകൊണ്ടിരക്കുന്നു എന്നതും ആശങ്കാജനകമാണ്. ഏറ്റവും ചുരുങ്ങിയത് ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാർക്കശ്യം പുലർത്തണമെന്ന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കാനെങ്കിലും സംസ്ഥാന സർക്കാറിന് സാധിക്കേണ്ടതുണ്ട്.

### ആഗോളതലത്തിൽ ചില്ലറവ്യാപാര മേഖലയിലെ കുത്തകവൽക്കരണം ചർച്ചാവിഷയമാണോ?

അതെ. ലോകത്തുടനീളം കുത്തകഭീമൻമാർക്കെതിരായ സമരം ആളിപ്പടർന്നുകൊണ്ടിരിക്കുകയാണ്. ഒരു പരിധിവരെ അത് വിജയം കാണുന്നുമുണ്ട്. ഏറ്റവും നല്ല ഉദാഹരണമാണ് അമേരിക്കയിലെ വാൾമാർട്ട് വിരുദ്ധ പ്രസ്ഥാനം. അവിടെ ജനങ്ങളുടെ ശക്തമായ ഏതിർപ്പുകാരണം ഏറ്റവും വലിയ നഗരമായ ന്യൂയോർക്കടക്കമുള്ള 300 ഓളം നഗരങ്ങളിൽ വാൾമാർട്ടിന് സ്റ്റോർ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വീട്ടമ്മമാർ, വിദ്യാർഥികൾ, വനിതാ പ്രസ്ഥാനങ്ങൾ തുടങ്ങിയവരൊക്കെ അണിനിരക്കുന്ന വാൾമാർട്ട് വിരുദ്ധപ്രസ്ഥാനങ്ങൾ ഓരോ നഗരത്തിലും സജീവമാണ്. ന്യൂയോർക്കിൽ കട തുടങ്ങാൻ നടത്തുന്ന ഏത് നീക്കത്തെയും മണത്തറിയാൻ 'വാൾമാർട്ട് ഫ്രീ ന്യൂയോർക്ക്' എന്ന പ്രസ്ഥാനത്തിലെ സ്ത്രീകൾ ഉൾപ്പെട്ട അംഗങ്ങൾ 24 മണിക്കൂറും ഊഴമിട്ട് നഗരത്തിലുണ്ടാവും. കൊറിയയിൽ വിജയിക്കാനാവാതെ തുടങ്ങിയ 16 സൂപ്പർമാർക്കറ്റുകളും വിറ്റ് രാജ്യം വിടേണ്ടിവന്നു വാൾമാർട്ടിന്. 2004ൽ കാലിഫോർണിയയിൽ വാൾമാർട്ട് സ്റ്റോർ നാട്ടുകാർ തകർക്കുകയുണ്ടായി. 1997-98ൽ ഇന്തോനേഷ്യൻ തെരുവുകളിൽ കുത്തകകൾ സൃഷ്ടിച്ച പ്രതിസന്ധിയെ തുടർന്ന് ഒരു കലാപം തന്നെ നടക്കുകയുണ്ടായി. ജപ്പാൻ, ശ്രീലങ്ക, തായ്‌ലാന്റ് തുടങ്ങിയ രാജ്യങ്ങളിലൊക്കെ ജനകീയ പ്രതിരോധങ്ങളെത്തുടർന്ന് സർക്കാറുകൾ കുത്തകകളെ നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചത് ശ്രദ്ധേയമാണ്.

ഇന്ത്യയിലും സമരങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. മുംബൈയിൽ കുത്തകകേന്ദ്രത്തിന് നേരെ നടന്ന ജനകീയമാർച്ച് അക്രമാസക്തമാവുകയുണ്ടായല്ലോ. ബാംഗ്ലൂരിൽ ജർമ്മൻ കമ്പനിയായ മെട്രോക്കെതിരെ കർഷകരും വ്യാപാരികളും പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിരുന്നു. ദൽഹിയിൽ

വാൾമാർട്ട് പ്രതിനിധികളുടെ സന്ദർശനത്തോടനുബന്ധിച്ച് പ്രതിഷേധം അലയടിക്കുകയുണ്ടായി. തമിഴ്നാട്ടിൽ റിലയൻസ് കടകൾ പൂട്ടാൻ പട്ടാളിമക്കൾ കക്ഷി അന്ത്യശാസനം നൽകിയിരിക്കുകയാണ്. കഴിഞ്ഞ മെയ് 6ന് വന്ദനാ ശിവയുടെ സാന്നിധ്യത്തിൽ ദൽഹിയിൽ ചേർന്ന വ്യത്യസ്ത സംഘടനാ പ്രതിനിധികളുടെ യോഗത്തിൽവെച്ച് Movement for Retail Democracy എന്ന പേരിൽ ദേശീയ സമരമുന്നണിക്ക് രൂപം നൽകുകയുണ്ടായി. കേരളത്തിന്റെ നഗരങ്ങളിലുടനീളം പ്രതിഷേധം പടർന്നുകൊണ്ടിരിക്കുന്നു. കോഴക്കോടി നടുത്ത മുക്കത്ത് തുറക്കാൻ പോയ റിലയൻസ് സ്റ്റോറിനെതിരായി മണ്ണെടുത്ത് പിടിച്ച് പ്രതിജ്ഞ ചെയ്ത നാട്ടുകാരുടെ ശക്തമായ പ്രതിഷേധം കാരണം സ്റ്റോർ ഇതുവരെ തുറക്കാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് പാന്റലൂൺ ബിഗ് ബസാറിനതിരായി ജനങ്ങൾ കടുത്ത പ്രതിഷേധമാണ് കാഴ്ചവെച്ചത്.

### പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കാൻ സർക്കാർ ഒരു ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടല്ലോ?

കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഐ.സി.ആർ.ഇ.ആർ (Indian Council for Research on Economic Relation) എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കേവലം മൂന്ന് മാസത്തെ ധൃതിപിടിച്ച സമയമാണ് ഇക്കണ്ട പ്രശ്നങ്ങൾ മുഴുവൻ പഠിക്കാനായി അനുവദിച്ചിരിക്കുന്നത്. ഈ ഏജൻസിയുടെ വിശ്വാസ്യതയാകട്ടെ സംശയത്തിന്റെ കരിനിഴലിലാണ് താനും. 2005ൽ ഇവർ ഇതേ വിഷയത്തിൽ ഒരു പഠനം നടത്തിയിരുന്നു. മൂന്ന് മുതൽ അഞ്ച് വർഷത്തിനുള്ളിൽ ചില്ലറവ്യാപാര മേഖലയിലെ വിദേശ നിക്ഷേപം 100 ശതമാനമായി വളർത്തിക്കൊണ്ടുവരണമെന്നായിരുന്നു ശുപാർശ. മുംബൈയിലെ 112 ചെറുകിട വ്യാപാരികളെക്കണ്ട് സംസാരിച്ച് തയ്യാറാക്കിയതാണത്രെ അന്നത്തെ റീട്ടെയിൽ മേഖലയെക്കുറിച്ച വിശദറിപ്പോർട്ട്! മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ വക്താവും സാമ്പത്തിക വിദഗ്ദയുമായ ഡോ: ഈഷർ ജഡ്ജ് അഹ്ലുവാലിയയാണ് ഈ ഏജൻസിയുടെ മേലധികാരി. എ.ഡി.ബിയുടെ വിദഗ്ധ സമിതി അംഗവും വാഷിംഗ്ടൺ ആസ്ഥാനമായ ഇന്റർനാഷണൽ എക്കണോമിക്സിന്റെ ഡയറക്ടർ ബോർഡ് മെമ്പറുമാണിവർ. പോര, സാക്ഷാൽ മൊണ്ടേക്സിംഗ് അഹ്ലുവാലിയയുടെ ഭാര്യയും! ഇനി ആഘാത പഠനറിപ്പോർട്ടിന്റെ സ്ഥിതിയെന്താവുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ഈ പഠന നാടകം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രമുള്ളതാണ്.

### സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് ഈ മേഖലയിൽ എന്ത് നിലപാടാണെടുത്തിട്ടുള്ളത്?

മനുഷ്യൻ അത്യന്തികമായി സമ്പത്തിന്റെ ഉടമയല്ലെന്നും കേവലം കൈകാര്യ കർത്താവ് മാത്രമാണെന്നും സോളിഡാരിറ്റി വിശ്വസിക്കുന്നു. വിഭവങ്ങളുടെ പരിപാലനവും മാന്യമായ ഉപഭോഗവും നീതിപൂർവ്വകമായ വിതരണവും മനുഷ്യരുടെ ബാധ്യതയാണ്. കേവലം ആർത്തിയും ലാഭത്വരയും അടിസ്ഥാനമാക്കിയുള്ള സമ്പത്തിന്റെ കേന്ദ്രീകരണം എല്ലാ നല്ല മൂല്യങ്ങളെയും അട്ടിമറിക്കുന്നതാണ്. അതുകൊണ്ട് തന്നെ സാമ്പത്തിക അരാജകത്വം സൃഷ്ടിക്കുകയും ഒട്ടേറെ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് വഴിമരുന്നിടുകയും ചെയ്യുന്ന കുത്തകവൽക്കരണത്തെ സോളിഡാരിറ്റി ശക്തിയുക്തം എതിർക്കുന്നു. മുതലാളിത്ത-സാമ്രാജ്യത്വ ലോകക്രമത്തിന്റെ ഭാഗവും തുടർച്ചയുമെന്ന നിലയിലാണ് ഇപ്പോഴത്തെ പ്രവണതകളെ നാം നോക്കിക്കാണുന്നത്. പ്രത്യക്ഷത്തിൽ വ്യാപാരികളെയാണ് ബാധിക്കുന്നതെങ്കിലും കർഷകരും സാധാരണക്കാരുമടങ്ങുന്ന മുഴുവൻ ജനതയെയും രൂക്ഷമായി ബാധിക്കാൻ പോവുന്ന ഒരു അധിനിവേശ പ്രക്രിയതന്നെയാണിത്. അത്കൊണ്ട് തന്നെ വ്യാപാരികളോടൊപ്പം ചേർന്നുകൊണ്ട് ഈ ആഗോളവൽക്കരണ വിപത്തിനെ തടയേണ്ടത് മുഴുവൻ ജനതയുടേയും ബാധ്യതയാണെന്നാണ് സോളിഡാരിറ്റി കരുതുന്നത്.

### എന്തൊക്കെ സമരമാർഗങ്ങളാണ് സംഘടന സ്വീകരിച്ചിരിക്കുന്നത്?

പ്രശ്നത്തിന്റെ ആഴം പൊതുസമൂഹത്തിന് ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾക്കാണ് സംഘടന ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയത്. വ്യാപാരി സംഘടനാ നേതാക്കളെയും ഇതര ജനകീയപ്രസ്ഥാന പ്രതിനിധികളെയും സംഘടിപ്പിച്ചുകൊണ്ട് ചില്ലറവ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെക്കുറിച്ച ആദ്യ പൊതുസമ്മേളനം കോഴിക്കോട് വെച്ച് സംഘടിപ്പിച്ചത് സോളിഡാരിറ്റിയായിരുന്നു. തുടർന്ന് കേരളത്തിന്റെ മുക്കിലും മൂലയിലും ഇത്തരം പരിപാടികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. വ്യാപാരി വ്യവസായി ഏകോപന സമിതി, വ്യാപാരി വ്യവസായി സമിതി തുടങ്ങിയ സംഘടനകളോടും ഇതര ജനകീയ പ്രസ്ഥാനങ്ങളോടും ചേർന്നുകൊണ്ട് സാധ്യമായ സ്ഥലങ്ങളിലൊക്കെ ജനകീയ കൂട്ടായ്മകളും സമരസമിതികളും രൂപപ്പെടുത്തുകയുണ്ടായി. മുക്കത്തും പാലക്കാട്ടുമൊക്കെ നടക്കുന്ന സമരങ്ങളിൽ സോളിഡാരിറ്റിയുടെ സജീവ പങ്കാളിത്തമുണ്ട്. ദേശീയാടിസ്ഥാനത്തിലുള്ള സമരവേദിയായ Movement for Retail Democracy യിലും സംഘടനയുടെ പ്രാതിനിധ്യമുണ്ട്. ഇപ്പോൾ സംസ്ഥാനതലത്തിലുള്ള ശക്തമായ ഒരു പ്രതിരോധ ഐക്യനിര കുത്തകകൾക്കെതിരെ കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലാണുള്ളത്.

### ജനങ്ങളോടുള്ള സോളിഡാരിറ്റിയുടെ ആഹ്വാനമെന്താണ്?

ശക്തമായ സമരത്തിന്റെയും ബഹിഷ്കരണത്തിന്റെയും പാത സ്വീകരിക്കുക എന്നതാണ് ജനങ്ങൾക്ക് ചെയ്യാനുള്ളത്. സാധാരണ മനുഷ്യരെ ഞെക്കിപ്പിഴിഞ്ഞ് കുത്തകകൾ വെച്ച് നീട്ടുന്ന ഡിസ്കൗണ്ട് പ്രലോഭനങ്ങളെ പുറങ്കാൽ കൊണ്ട് തട്ടിക്കളയാൻ നമുക്ക് സാധിക്കണം. ഉപഭോക്താവിന്റെ ബഹിഷ്കരണത്തെ അതിജീവിച്ച് കൊണ്ട് മുന്നോട്ടുപോവാൻ എത്ര വലിയ കുത്തകകകൾക്കും സാധ്യമല്ലെന്ന് നാം മനസ്സിലാക്കണം. ഓരോരുത്തരും

സ്വന്തം പ്രദേശങ്ങളിൽ കൂട്ടായ്മകൾ രൂപപ്പെടുത്തി കുത്തകകളുടെ വരവിനെ ജനകീയമായി ചെറുത്തുനിൽക്കുകയാണ് വേണ്ടത്. തീർച്ചയായും ത്യാഗത്തിന്റെ വളവും വെള്ളവും നൽകി മാത്രമേ ഏത് സമരത്തെയും വളർത്തി വലുതാക്കാനാവുകയുള്ളൂ. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഈടുറ്റ വസ്ത്രങ്ങൾ അഗ്നിജ്വാലക്ക് വലിച്ചെറിഞ്ഞുകൊടുത്ത ബഹിഷ്ക്കരണ സമരപാരമ്പര്യം നമ്മുടെ പിതാമഹൻമാർക്കുണ്ടെന്ന പാഠം നാം മറക്കരുത്.

### ഗവൺമെന്റിന് ഇനി എന്താണ് ചെയ്യാനാവുക?

പ്രതിഷേധങ്ങളോട് പുറംതിരിഞ്ഞ് നിൽക്കാതെ ഈ രംഗത്തെ പ്രശ്നങ്ങൾ സമഗ്രമായി പഠിക്കാൻ ഒരു ദേശീയ കമ്മീഷനെ അടിയന്തിരമായി നിയമിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. രാജ്യത്തിന്റെ പൊതുതാൽപര്യത്തിന് വേണ്ടി ഡബ്ല്യു.ടി.ഒ വിൽ നിന്ന് പിന്മാറാൻ ഗവൺമെന്റ് തീരുമാനിക്കണം. കുത്തകകളെ നിയന്ത്രിക്കുന്ന സമഗ്ര നിയമനിർമാണം നടത്തിയാൽ മാത്രമെ ചില്ലറവ്യാപാരരംഗത്തെയും കാർഷിക മേഖലയെയും തകർച്ചയിൽ നിന്ന് രക്ഷിക്കാനാവൂ. വില നിയന്ത്രണത്തിൽ സർക്കാറിന് അധികാരമുണ്ടാവുകയും പൊതുവിതരണം ശക്തിപ്പെടുകയും ചെയ്യുന്ന വ്യവസ്ഥകൾ നിയമത്തിലുണ്ടാവണം. മലേഷ്യ, തായ്ലന്റ്, ഫിലിപ്പൈൻസ് തുടങ്ങിയ പല രാജ്യങ്ങളും കർശനമായ നിയന്ത്രണങ്ങൾ കുത്തകകൾക്ക് മേൽ ഏർപ്പെടുത്തിയിട്ടുണ്ട്. താരതമ്യേന ഉദാര സാമ്പത്തിക നിലപാടുള്ള ജപ്പാനിൽപോലും കർക്കശമാക്കിയ നിയമവ്യവസ്ഥകൾ മൂലം കുത്തക ഭീമനായ കെയർ ഫോറിന് എട്ട് മെഗാഷോപ്പുകൾ ഉപേക്ഷിക്കേണ്ടി വന്നുവെന്നത് നല്ലപാഠമാണ്.

### കുത്തകവിരുദ്ധ സമരം വിജയം കാണുമോ?

ഇഛാശക്തിയും ദൈവാനുഗ്രഹവുമുണ്ടെങ്കിൽ വിജയിക്കും. ജനസംഖ്യയിൽ 70% വരുന്ന കർഷകരും 20% വരുന്ന വ്യാപാരികളും ആത്മാർത്ഥതോടെ രംഗത്തിറങ്ങിയാൽ സമരം വിജയിക്കുകതന്നെ ചെയ്യും. ഒരു ഗ്രാമീണജനതയുടെ സമരം ആളിപ്പടർന്ന് കൊക്കക്കോളയെ മുട്ടുകുത്തിച്ച അനുഭവം നമുക്കു മുമ്പിലുണ്ടല്ലോ.




**ത്യാഗത്തിന്റെ വളവും വെള്ളവും നൽകി മാത്രമേ ഏത് സമരത്തെയും വളർത്തി വലുതാക്കാനാവുകയുള്ളൂ. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഈടുറ്റ വസ്ത്രങ്ങൾ അഗ്നിജ്വാലക്ക് വലിച്ചെറിഞ്ഞുകൊടുത്ത ബഹിഷ്ക്കരണ സമരപാരമ്പര്യം നമ്മുടെ പിതാമഹൻമാർക്കുണ്ടെന്ന പാഠം നാം മറക്കരുത്.**